**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3080 | | 21.08.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **ഓപൺ ഡെഫിക്കേഷൻ ഫ്രീ (ഒ.ഡി.എഫ് ) ജില്ലകൾ** | | | |
| **ചോദ്യം** | | **മറുപടി** | |
| **ശ്രീ.കെ.ഡി. പ്രസേനൻ** | | **ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | സംസ്ഥാനത്ത് ഇനിയും ഒ.ഡി.എഫ് ജില്ലകളായി പ്രഖ്യാപിക്കാത്ത ജില്ലകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാത്തെ ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങൾ സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്ത പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്. 93 നഗരസഭകളിൽ 92 നഗരസഭകളും വെളിയിട വിസർജ്ജന വിമുക്ത നഗരങ്ങളായി സ്വയം പ്രഖ്യാപിച്ചിട്ടുണ്ട്. കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ ഒ.ഡി.എഫ് പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നതേയുള്ളൂ. |
| (ബി) | എങ്കിൽ അതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) | സമുദ്രനിരപ്പിൽ നിന്നും താഴ്ന്ന വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ ശൗചാലയം നിർമ്മിക്കുവാനുള്ള ബുദ്ധിമുട്ടാണ് പ്രധാന കാരണം. |
| (സി) | ഈ പദ്ധതി പ്രകാരം ശൗചാലയങ്ങൾ ഇല്ലാത്തവർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകി എന്ന് വിശദമാക്കാമോ? | (സി) | ശൗചാലയങ്ങൾ ഇല്ലാത്ത ഗുണഭോക്താക്കൾക്ക് ശൗചാലയം നിർമ്മിക്കുന്നതിന് 15400/- രൂപ വീതം ധനസഹായം നൽകി.<br>(നഗരങ്ങൾ:കേന്ദ്ര വിഹിതം:4000/-രൂപ, സംസ്ഥാന വിഹിതം: 1333/-രൂപ, നഗരസഭ വിഹിതം: 10067/രൂപ).<br>ഗ്രാമങ്ങൾ:കേന്ദ്ര വിഹിതം 7200/-രൂപ, സംസ്ഥാന വിഹിതം: 4800/-രൂപ, ഗ്രാമപഞ്ചായത്ത് വിഹിതം: 3400/-രൂപ) |

സെക്ഷൻ ഓഫീസർ